"ഭരണഭാഷ മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*380 | 13/11/2019- ൽ മറുപടിയ്ക്ക്

## സാംസ്കാരിക രംഗത്ത് നടത്തുന്ന ഇടപെടലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ. എം. മുകേഷ്<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ജോൺ ഫെർണാണ്ടസ്: | ശ്രീ.എ.കെ.ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | ആസൂത്രിതമായി ചില ശക്തികൾ മത-ജാതി വിഭജനം ശക്തിപ്പെടുത്തി, സാമൂഹ്യ വികസനത്തിന്റെ ദിശ നിർണ്ണയിക്കുന്ന തെരഞ്ഞെടുപ്പുകളിൽ പോലും പരസ്യമായി ഇടപെടുന്നതായി ആക്ഷേപമുള്ള സാഹചര്യത്തിൽ ജനാധിപത്യത്തിലും മാനവികതയിലും അധിഷ്ഠിതമായ ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാംസ്കാരിക രംഗത്ത് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; | എ) | ജനാധിപത്യത്തിലും, മാനവികതയിലും അധിഷ്ഠിതമായ ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാംസ്കാരിക രംഗത്ത് നിരവധിയായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ 14 ജില്ലകളിലും നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ, ഒരു സമുച്ചയത്തിന് ഏകദേശം 50 കോടി രൂപ ചെലവഴിച്ച് നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളം കൈവരിച്ചിട്ടുള്ള ഉന്നത നവോത്ഥാന മൂല്യങ്ങൾ പരിപോഷിപ്പിക്കാനും നിലനിർത്താനും ഈ സാംസ്കാരിക സമുച്ചയങ്ങൾ സഹായിക്കുന്നതാണ്. ശ്രീനാരായണ ഗുരുവിന്റെ നമുക്ക് ജാതിയില്ലാ വിളംബര വാർഷികവും, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികവും, മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വവും, 150-ാം ജന്മവാർഷികവും ആചരിച്ചതും മതജാതി ചിന്തകളുടെ ഉച്ചാടനവും നവോത്ഥാന മൂല്യങ്ങളുടെ പ്രചാരണവും ലക്ഷ്യമാക്കിയാണ്. മതജാതി വിഭജനം ശക്തമാകുന്ന സാഹചര്യത്തിൽ നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുക എന്നതാണ് |

| | | | |
|---|---|---|---|
| | | | സർക്കാർ നടത്തിയ പ്രധാന പ്രവർത്തനം. നവോത്ഥാനത്തിന്റെ ഇന്ത്യയിലെ പ്രതീകമായ മഹാത്മാ ഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വ വാർഷികം 'രക്തസാക്ഷ്യം' എന്ന പേരിൽ പ്രധാന കേന്ദ്രങ്ങളിൽ ആചരിച്ചു.<br>സാഹിത്യ അക്കാദമി നവോത്ഥാനകാല സാഹിത്യത്തിന്റെ പുതിയ പതിപ്പുകൾ പ്രസിദ്ധീകരിച്ചും നവോത്ഥാന ആചാര്യന്മാരുടെ ജീവചരിത്രങ്ങൾ പ്രസിദ്ധീകരിച്ചും പ്രചരിപ്പിക്കുന്നു. ഗാന്ധിജിയുടെയും (150-ാം ജന്മവാർഷികം), വിവേകാനന്ദന്റെയും (കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം), ശ്രീനാരായണ ഗുരുവിന്റെയും (ജാതിയില്ലാ വിളംബരം) ചരിത്രപരമായ ജീവിത സന്ദർഭങ്ങളെ മുൻനിർത്തിയുള്ള പരിപാടികളും ആവിഷ്കരിച്ചു നടപ്പിലാക്കി. ദേശീയ പുസ്തകോത്സവ ത്തോടനുബന്ധിച്ച് ഭരണഘടനാ മൂല്യങ്ങളെ ചർച്ചാ വിഷയമാക്കുന്ന സെമിനാറുകൾ നടത്തി. |
| ബി) | സംസ്ഥാനത്തിന്റെ സാംസ്കാരിക മേഖലയിലെ നയങ്ങളും പദ്ധതികളും രൂപീകരിക്കുകയെന്ന ലക്ഷ്യത്തോടെ സാംസ്കാരിക ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ടോ; | ബി) | സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുവാനും അവയ്ക്കുള്ള ധനസഹായം നിശ്ചയിക്കുന്നതിൽ ഉപദേശിക്കുവാനും കലാ സാംസ്കാരിക മേഖലയിൽ നവീന സർഗ്ഗാത്മക സംരംഭ ങ്ങൾക്ക് ആശയാവിഷ്കാരം നടത്തുന്നതിനും സാംസ്കാരിക നയരൂപീകരണത്തിന് ഉപദേശം നൽകുന്നതിനും 21/2/2018 ലെ സ.ഉ.(കൈ)നം. 10/18/സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം സാംസ്കാരിക ഉന്നത സമിതി രൂപീകരിച്ചിട്ടുണ്ട്. |
| സി) | കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സാംസ്കാരിക പൈതൃകം ശക്തിപ്പെടുത്തുന്നതിനും നടപ്പാക്കുന്ന പരിപാടികളെക്കുറിച്ച് അറിയിക്കാമോ; | സി) | കേരള സംസ്കാരം സംസ്ഥാനത്തിന് അകത്തും പുറത്തും പ്രചരിപ്പിക്കുന്നതിന് കേരള സംസ്കാരം വ്യാപനം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വകുപ്പിന്റെ വെബ്സൈറ്റ് വഴിയും തെലങ്കാന, ന്യൂഡൽഹി പൈതൃകോത്സവം പരിപാടികൾ പോലുള്ളവ മുഖേനയും വിവിധ സാംസ്കാരിക പ്രചരണ പരിപാടികൾ ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലങ്ങോളമിങ്ങോളമുള്ള മ്യൂസിയങ്ങളെ കൂട്ടിയിണക്കി ഒരു കേരള സംസ്കാര മ്യൂസിയം സ്ഥാപിക്കുന്ന പദ്ധതി, കേരളത്തിലെ തെരഞ്ഞെടുത്ത 20 പൈതൃക |

| | | | |
|---|---|---|---|
| | | | ഗ്രാമങ്ങളെ അടിസ്ഥാനമാക്കി കലാകരകൗശല കലാകാരന്മാർക്ക് വിപണന, തൊഴിൽ സാധ്യതകൾ പരിപോഷിപ്പിക്കാവുന്ന കലാകാരന്മാരുടെ ഉപജീവനം /റൂറൽ ആർട്ട് ഹബ്ബ് എന്ന പദ്ധതി, ഗ്രാമങ്ങളിലും പട്ടണങ്ങളിലും സാംസ്കാരിക വിനിമയ പരിപാടികൾ നടത്തുന്നതിന് നാട്ടരങ്ങ് എന്ന പദ്ധതി, കേരളത്തിന്റെ സാംസ്കാരിക സമ്പന്നത പ്രയോജനപ്പെടുത്തുന്നതിനായി ഗെയിംമിംഗ് ആനിമേഷൻ ഹാബിറ്റാറ്റ് സ്ഥാപിക്കുന്ന പദ്ധതി, ക്ലാസിക്കൽ, ലളിതകല, അഭിനയകല, നാടൻകല വിഭാഗങ്ങളിൽ 46 ൽപ്പരം വിവിധ കലാരൂപങ്ങളിലായി 1000 യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് നൽകുന്ന പദ്ധതി - തുടങ്ങിയ പദ്ധതികൾ കേരള കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, സാംസ്കാരിക പൈതൃകം ശക്തിപ്പെടുത്തുന്നതിനും നടപ്പിലാക്കി വരുന്നു. വിവിധ അക്കാദമികളും മറ്റ് സാംസ്കാരിക സ്ഥാപനങ്ങളും വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. സാംസ്കാരികപൈതൃക സംരക്ഷണത്തിന്റെ ഭാഗമായി സാഹിത്യ അക്കാദമിയുടെ ഡിജിറ്റലൈസേഷൻ പ്രോജക്ട് തുടരുന്നു. അപ്പൻ തമ്പുരാൻ സ്മാരകത്തിൽ സൂക്ഷിച്ചിട്ടുള്ള പഴയ ആനുകാലികങ്ങളും കേരള സാഹിത്യ അക്കാദമി ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള പ്രാചീനമായ ഗ്രന്ഥങ്ങളും ഡിജിറ്റൽ രൂപത്തിലാക്കി വരുന്നു. |
| ഡി) | സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി തുടങ്ങി വിവിധ അക്കാദമികളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് നടത്തിയ പ്രവർത്തനം അറിയിക്കാമോ ? | ഡി) | അക്കാദമികളുടെ ഭരണസമിതികൾ പുന:സംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമവും ജനകീയവുമാക്കി. അക്കാദമികളുടെ പദ്ധതി വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചു. സാഹിത്യ അക്കാദമിയിൽ മലയാളം ഡിജിറ്റൽ റിസോഴ്സ് സെന്ററും സംസ്ഥാന ഡിജിറ്റൈസേഷൻ ഹബ്ബും സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ രണ്ട് കോടി രൂപ അനുവദിച്ചു. സാഹിത്യ അക്കാദമി സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരെയും പരിഗണിച്ച് ശില്പശാലകൾ, സെമിനാറുകൾ, |

| | | | |
|---|---|---|---|
| | | | പഠന സമ്മേളനങ്ങൾ, എഴുത്തരങ്ങ് തുടങ്ങിയ പരിപാടികളും സംഘടിപ്പിക്കുകയും, സ്ഥാപനപരമായ വികസന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു.<br><br>കേരള ലളിതകലാ അക്കാദമി കലാക്യാമ്പുകൾ, കലയുടെ ദർബാർ, ആർട്ട് @ ഹോം പദ്ധതിയുടെ ഭാഗമായി കേരളീയ ഭവനങ്ങളിൽ ചിത്ര – ശില്പങ്ങൾ എത്തിക്കുന്ന കലാവിപണനം പദ്ധതി, മെഡിക്കൽ കോളേജുകളിലും ക്യാൻസർ സെന്ററുകളിലും ചിത്രഗ്യാലറികൾ, കുട്ടികൾക്ക് ശില്പനിർമ്മാണം നേരിൽ കാണാൻ ശില്പോദ്യാനം പദ്ധതി, കലാകാരന്മാർക്കുള്ള ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിച്ചു. അക്കാദമി ആസ്ഥാന മന്ദിര കെട്ടിടത്തിൽ നവോത്ഥാന ചിത്രമതിൽ രചിക്കുകയുണ്ടായി. ചിത്രകലാക്യാമ്പും സംഘടിപ്പിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**